## (2) നയപ്രഖ്യാപന പ്രസംഗത്തിൽ ഒഴിവാക്കപ്പെട്ട ഭാഗങ്ങൾ ചർച്ച ചെയ്യാൻ പാടില്ലെന്നതുസംബന്ധിച്ച്

2018 ജനുവരി മാസം 25-ാം തീയതി ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ചാവേളയിൽ, 22-01-2018-ന് ബഹു. ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ ഖണ്ഡിക 3, 9 എന്നിവയിലെ ചില വരികളും വാക്കുകളും 41, 66, 78, 85, 92 എന്നീ ഖണ്ഡികകളും പൂർണ്ണമായും ഒഴിവാക്കുകയുണ്ടായെന്നും പ്രസ്തുത ഭാഗങ്ങൾ വായിച്ചതായി കണക്കാക്കണമെന്ന് അഭ്യർത്ഥന നടത്താതെയാണ് പ്രസംഗം അവസാനിപ്പിച്ചതെന്നും മന്ത്രിസഭ തയ്യാറാക്കുന്ന പ്രസംഗം അതേപടി വായിക്കാനുള്ള ഉത്തരവാദിത്വം ഗവർണ്ണർക്കുള്ളതിനാൽ ഇതുസംബന്ധിച്ച് ഗവർണ്ണറുടേയോ അദ്ദേഹത്തിന്റെ ഓഫീസിന്റേയോ മുഖ്യമന്ത്രിയുടെയോ ഭാഗത്തുനിന്നും വിശദീകരണമുണ്ടാകാത്ത സാഹചര്യത്തിൽ നന്ദിപ്രമേയ ചർച്ചയിൽ ഗവർണ്ണർ സഭയിൽ ഒഴിവാക്കിയ ഭാഗങ്ങൾ ഉൾപ്പെടുത്താതെയുള്ള നയപ്രഖ്യാപന പ്രസംഗം മാത്രമേ ചർച്ചയ്ക്ക് വിധേയമാക്കാൻ

പാട്ടുള്ളുവെന്നും ഇക്കാര്യത്തിൽ ബഹു. സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്നും ഗവർണ്ണറുടെ പ്രസംഗം സംബന്ധിച്ച് ശക്ധർ ആന്റ് കൗളിലും ഗവർണ്ണേഴ്സ് റോൾ ഇൻ ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനിലും പറയുന്നത് പ്രസംഗത്തിൽ ഒരു ചെറിയ തിരുത്ത് വേണമെങ്കിൽപ്പോലും വ്യക്തമായ നടപടിക്രമങ്ങൾ ആവശ്യമാണെന്നതിനാൽ അച്ചടിച്ച നയപ്രഖ്യാപന പ്രസംഗത്തിലെ ഗവർണ്ണർ ഒഴിവാക്കിയ ഭാഗങ്ങൾ നന്ദി പ്രമേയ ചർച്ചയിൽ ഉൾപ്പെടുത്തണമോ വേണ്ടയോ എന്നത് സംബന്ധിച്ച് വ്യക്തമായ റൂളിംഗ് ഉണ്ടാകണമെന്നും ഗവർണ്ണറുടെ പ്രസംഗത്തിൽ ഒഴിവാക്കിയ ഭാഗങ്ങൾ നന്ദിപ്രമേയ ചർച്ചയിൽ ഉൾപ്പെടുത്തരുതെന്നും അംഗങ്ങൾ ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

ക്യാബിനറ്റ് അംഗീകരിച്ച് ഗവർണ്ണർ ഓതന്റിക്കേറ്റ് ചെയ്ത് പ്രിന്റ് ചെയ്ത പ്രസംഗത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ലെന്നും പ്രസംഗത്തിലെ ഏതെങ്കിലും ഭാഗങ്ങൾ മന:പൂർവ്വം ഒഴിവാക്കണമെങ്കിൽ ഒഴിവാക്കുന്നുവെന്ന് ഗവർണ്ണർക്ക് അറിയിക്കാമായിരുന്നെന്നും ഗവർണ്ണർ ഇതിൽ ഒരു തരത്തിലുള്ള വിയോജിപ്പും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഗവർണ്ണറോട് വിശദീകരണം ആവശ്യപ്പെടേണ്ടതില്ലെന്നും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി.*

"ഇന്ത്യൻ ഭരണഘടനയിലെ അനുച്ഛേദം 176(1)പ്രകാരം സംസ്ഥാന ഗവർണ്ണർമാർ നിയമസഭകളിൽ നടത്തിയിട്ടുള്ള നയപ്രഖ്യാപന പ്രസംഗങ്ങളെ സംബന്ധിച്ച് നിരവധി ക്രമപ്രശ്നങ്ങളും നിയമപ്രശ്നങ്ങളും രാജ്യത്തൊട്ടാകെ ഉണ്ടായിട്ടുണ്ട്. അതുപോലെ അനുച്ഛേദം 87 (1) പ്രകാരം ഇന്ത്യൻ രാഷ്ട്രപതി പാർലമെന്റിലെ ഇരുസഭകളിലേയും അംഗങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട് നടത്തിയിട്ടുള്ള പ്രസംഗങ്ങളെ സംബന്ധിച്ചും ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ സഭാതലത്തിലും നിയമകോടതി മുമ്പാകെയും ഉയർന്നുവന്നിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിലൊക്കെ സഭാദ്ധ്യക്ഷൻമാരും നിയമകോടതികളും പൊതുവായി സ്വീകരിച്ച സമീപനവും സുവ്യക്തമാണ്.

കേരള നിയമസഭയിൽ മുൻകാലങ്ങളിൽ ഗവർണ്ണർമാർ നടത്തിയിട്ടുള്ള

---

* XIV KLA IX Session Vol. No. 170/No. 4 dated 25.01.2018

പ്രസംഗങ്ങൾ പരിശോധിച്ചാൽ ഒട്ടേറെ തവണ പ്രസംഗങ്ങൾ പൂർണ്ണമായി വായിച്ചിരുന്നില്ല എന്നു കാണാവുന്നതാണ്. വിവിധങ്ങളായ കാരണങ്ങളാലാണ് പ്രസംഗങ്ങൾ പൂർണ്ണമായി വായിക്കപ്പെടാതിരുന്നതെങ്കിൽക്കൂടി അതുസംബന്ധിച്ച് സഭാതലത്തിൽ ക്രമപ്രശ്നങ്ങൾ ഉയർന്നുവന്നപ്പോൾ അതതുകാലങ്ങളിലെ സ്പീക്കർമാർ നൽകിയിട്ടുള്ള റൂളിംഗുകൾ പരിശോധിച്ചതിൽ പ്രസക്തമായ ഏതാനും സന്ദർഭങ്ങൾ മാത്രം ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

1. 1982 ജനുവരി 29-ാം തീയതിയിലെ ഗവർണ്ണറുടെ പ്രസംഗം മുഴുവനായി വായിക്കാതിരുന്നത് സംബന്ധിച്ച ക്രമപ്രശ്നത്തിന്മേൽ അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ എ.സി. ജോസ് 1982 ഫെബ്രുവരി 5-ാം തീയതി നൽകിയ റൂളിംഗ്
2. 1996 ജൂലൈ 12-ാം തീയതിയിലെ പ്രസംഗം സംബന്ധിച്ച് 1996 ജൂലൈ 16-ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാർ നൽകിയ റൂളിംഗ്
3. 2001 ജൂൺ 29-ാം തീയതിയിലെ ഗവർണ്ണറുടെ പ്രസംഗം സംബന്ധിച്ച് 2001 ജൂലൈ 2-ാം തീയതി ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമൻ നൽകിയ റൂളിംഗ്.

മേൽപ്പറഞ്ഞ സന്ദർഭങ്ങളിൽ ഉണ്ടായിട്ടുള്ള വ്യക്തമായ

റൂളിംഗുകളുടെകൂടി അടിസ്ഥാനത്തിൽ കഴിഞ്ഞ 22-ാം തീയതി ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ നടത്തിയ പ്രസംഗത്തെ സംബന്ധിച്ച് ഇവിടെ ഉയർന്നുവന്ന ക്രമപ്രശ്നങ്ങൾ വിലയിരുത്തുമ്പോൾ, ബഹുമാന്യരായ എന്റെ മുൻഗാമികൾ ഏറെ അവധാനതയോടെ നൽകിയിട്ടുള്ള പ്രസ്തുത റൂളിംഗുകളുടെ സ്പിരിറ്റ് ഉൾക്കൊള്ളാതിരിക്കാനോ, അതിന്റെ അന്തസ്സത്തയിൽനിന്നും വ്യതിചലിക്കാനോ വേറിട്ടൊരു റൂളിംഗ് നൽകാനോ ചെയറിനെ പ്രേരിപ്പിക്കുന്ന ഒരു ഘടകവും ഇല്ലെന്നുതന്നെയാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഉയർന്നുവന്ന ക്രമപ്രശ്നങ്ങൾ ഒന്നുംതന്നെ നിലനിൽക്കുന്നതല്ലെന്നും ഇവിടെ അച്ചടിച്ച് വിതരണം നടത്തിയ പ്രസംഗം പൂർണ്ണമായും ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗമായി പരിഗണിക്കാവുന്നതാണെന്നും വായിക്കാൻ വിട്ടുപോയത് ഒരു കാരണമായി കാണാനാവില്ലെന്നും ചെയർ റൂൾ ചെയ്യുന്നു.”